I/11948/2023

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – എറണാകുളം ജില്ല – പെരുമ്പാവൂർ നഗരസഭ പെരുമ്പാവൂർ വില്ലേജ് മെഡിക്കൽ ബിൽഡിംഗ് നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പെരുമ്പാവൂർ നഗരസഭ സെക്രട്ടറിയുടെ 13/02/2023 ലെ BA-57/22-23 നമ്പർ കത്ത്.

2. എറണാകുളം ജില്ലാ ടൗൺ പ്ലാനറുടെ 14/03/2023, 09/05/2023 എന്നി തീയതികളിലെ TCPEKM/219/2023-D നമ്പർ കത്തുകൾ.

===========================================================

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/23638/2023-TCPA2 തീയതി:18-05-2023

===========================================================

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നഗരസഭ പരിധിയിലുള്ള പെരുമ്പാവൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 19/4, 19/3-2-2, 19/3-2, 19/2, 19, 19/4-2, 19/2-2, 19/1-2, 1/8, 11/3 എന്നിവയിൽപ്പെട്ട 6017 ച.മീ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 439.32 ച.മീ വിസ്തീർണ്ണമുള്ള 3 നില മെഡിക്കൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.കുഞ്ഞുപോൾ, ശ്രീ.ജേക്കബ്, പരത്തുവയലിൽ ഹൗസ്, ഐരാപുരം.പി.ഒ, പെരുമ്പാവൂർ എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി അംഗീകൃത പെരുമ്പാവൂർ മാസ്റ്റർ പ്ലാൻ പ്രകാരം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ചു ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. മാസ്റ്റർ പ്ലാൻ വ്യവസ്ഥകൾക്ക് അനുസൃതമായുള്ള കൺകറൻസ് മാത്രമാണ്

I/11946/2023

ഈ ഓഫീസിൽ നിന്നും നൽകുന്നത് യൂസേജ് ഓഫ് പ്ലോട്ട് / ലേഔട്ട് അംഗീകാരം എന്നിവ ജില്ലാ ടൌൺ പ്ലാനറിൽ നിന്നും കെട്ടിട നിർമ്മാണാനുമതി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.

3. KMBR 2019 ചട്ടം 5(4) പ്രകാരം ആവശ്യമായ എല്ലാ വകുപ്പുകളുടെയും നിരാക്ഷേപപത്രം ലഭ്യമാക്കിയിരിക്കണം.

4. നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിനും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

5. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള റോഡ് Widening-നുള്ള സ്ഥലം പ്ലോട്ടിൽ മാറ്റിയിട്ടിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 18-05-2023 12:10:44

നിധീഷ്.കെ.പി
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ, എറണാകുളം

പകർപ്പ്:-

1. ശ്രീ.കുഞ്ഞുപോൾ, ശ്രീ.ജേക്കബ്, പരത്തുവയലിൽ ഹൗസ്, ഐരാപുരം.പി.ഒ, പെരുമ്പാവൂർ, എറണാകുളം
2. സീനിയർ ടൗൺപ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം